വനശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ പദ്ധതി

267 (3779) ശ്രീ. കെ. അച്ചുതൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) വനവികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ വന വിഭവശേഖരണം, മൂല്യവർദ്ധന, വിപണനം എന്നീ പ്രവർത്തനങ്ങൾ വന സംരക്ഷണ സമിതികൾ, ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ എല്ലാ അംഗങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ നിർവ്വഹിക്കുന്നതിന് വനശ്രീ യൂണിറ്റുകൾ പുന:സംഘടിപ്പിച്ചുവരുന്നു. വന മേഖലകളിൽനിന്നും ശേഖരിച്ച തടിയേതര വന വിഭവങ്ങൾ സൂക്ഷിക്കുന്നതിനുള്ള ശേഖരണ കേന്ദ്രങ്ങൾ, സംസ്കരിച്ച് മൂല്യവർദ്ധനവ് നടത്തുന്നതിനുള്ള യന്ത്ര സംവിധാനങ്ങളോടുകൂടിയ പ്രോസസിംഗ് കേന്ദ്രങ്ങൾ ഉൽപ്പന്ന വിപണന കേന്ദ്രങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുന്നതിനായി ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടെ 364 ലക്ഷം രൂപയുടെ ഒരു പദ്ധതി 2014-15 -ൽ നടപ്പിലാക്കിവരുന്നു.

(ബി) വനമേഖലകളിൽനിന്നും ശേഖരിച്ച തടിയേതര വനവിഭവങ്ങൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുവാനും യന്ത്രങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ കാര്യക്ഷമതയോടെ വിപണിയിൽ ആവശ്യാനുസരണം മൂല്യവർദ്ധനവ് നടത്തി വിപണനത്തിന് സജ്ജമാക്കുവാനും അതുവഴി ആദിവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഉണ്ടാക്കുകയുമാണ് മേൽ സംവിധാനം വഴി ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. വനശ്രീ യൂണിറ്റുകളുടെ മേൽനോട്ടത്തിനായി വന വികാസ ഏജൻസികളിൽ പ്രത്യേക കമ്മിറ്റികളെ ചുമതലപ്പെടുത്തി.

2. സംസ്ഥാന വന വികാസ ഏജൻസിയുടെ കീഴിൽ "വനശ്രീ സെൽ" - ന്റെ പ്രവർത്തനം ഊർജ്ജിതമാക്കി.

3. പ്രവർത്തന ഫണ്ട് സമയത്തിന് ലഭ്യമാക്കുവാനായി വന വികാസ ഏജൻസിയിൽ "റിവോൾവിംഗ് ഫണ്ട്" രൂപീകരിച്ചു.

4. ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധ സസ്യ ബോർഡിന്റെയും മറ്റ് വിവിധ സർക്കാർ ഏജൻസികളിൽ നിന്നും ധനസഹായത്തിനായി പദ്ധതികൾ തയ്യാറാക്കിവരുന്നു.

5. വനശ്രീ വിഭവങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പായ്ക്കിംഗ് മെച്ചപ്പെടുത്തുന്നതിനും മറ്റ് വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും വിദഗ്ധ പഠനം നടത്തുന്നതിന് തീരുമാനിച്ചു.

6. വനവിഭവ ശേഖരണത്തിലേർപ്പെടുന്ന ആദിവാസികൾക്ക് വിപണി വിലയുമായി ബന്ധപ്പെട്ട് പ്രതിഫലം ഉടനടി നൽകുവാൻ നടപടിയെടുത്തു.

7. വനശ്രീയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് ചെയ്യുവാൻ നടപടിയെടുത്തു.

8. വനശ്രീ വിഭവങ്ങൾ ഓൺലൈനായി വിൽക്കുന്നതിന് നടപടി ആരംഭിച്ചു.

കണ്ടൽ അധിഷ്ഠിത ജൈവ വേലി നിർമ്മാണം

268 (3780) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീര സംരക്ഷണത്തിന് കണ്ടൽ അധിഷ്ഠിത ജൈവ വേലി നിർമ്മിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ എവിടെയെല്ലാം ഇത്തരത്തിലുള്ള വേലികൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത വേലികൾ സ്ഥാപിച്ച സ്ഥലങ്ങളിൽ ഉദ്ദേശിച്ച ഫലം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സംരക്ഷണ വേലി വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly